"ഭരണഭാഷ-
മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പൊതുസർവീസ് രൂപീകരണം - ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ള KL01-P 3547 നമ്പർ വാഹനം പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കൈമാറി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.329/2022/ത.സ്വ.ഭ.വ** **തിരുവനന്തപുരം,തീയതി,14.02.2022**

---

പരാമർശം: 1) സ.ഉ.(സാധാ) നം.198/2020/ത.സ്വ.ഭ.വ തീയതി, 23.12.2020

2) പ്രിൻസിപ്പൽ ഡയറക്ടറുടെ 31.12.2021 ലെ എ 1/21/2021/ പി.ഡി-എൽ.എസ്.ജി.ഡി.(1) നമ്പർ കത്ത്.

**ഉത്തരവ്**

ജില്ലാ ദാരിദ്ര്യലഘൂകരണ വിഭാഗത്തിന്റെ പരാമർശം (1) പ്രകാരമുള്ള പുനഃക്രമീകരണത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ദാരിദ്ര്യ ലഘൂകരണ വിഭാഗത്തിൽ നിന്നും ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ള KL01-P 3547 നമ്പർ വാഹനം തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറിയിരുന്നു. ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ള ടി വാഹനം പ്രിൻസിപ്പൽ ഡയറക്ടറുടെ ഓഫീസിലേയ്ക്ക് കൈമാറി നൽകുന്നതിനുള്ള അനുമതി നൽകണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (1) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയംഭരണ പൊതുസർവീസ് രൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചുവരുന്ന പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിന് വാഹന സൗകര്യം അത്യന്താപേക്ഷിതമായതിനാൽ തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കൈമാറി നൽകിയ ഗ്രാമവികസന കമ്മീഷണറുടെ ഉടമസ്ഥതയിലുള്ള KL01 P 3547 നമ്പർ വാഹനം ഡ്രൈവർ ഉൾപ്പെടെ, ഇന്ധനച്ചെലവ് അറ്റകുറ്റപണികൾ മുതലായവ ഗ്രാമവികസന കമ്മീഷണർ നിർവഹിക്കണമെന്ന വ്യവസ്ഥയിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിന് കൈമാറി നല്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബാല്യമഹേന്ദ്ര ബി**

**അണ്ടർ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, സ്വരാജ് ഭവൻ, നന്തൻകോട്, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

ജില്ലാ പഞ്ചായത്ത് സെക്രട്ടറി, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂ മീഡിയ) വകുപ്പ്.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ